**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 462** **17-09-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി- വായ്പയുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പെൻഷൻ വിതരണത്തിനായി നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ സ്വീകരിച്ചിട്ടുള്ളതെന്നും ഓരോ സ്ഥാപനത്തിലേയും വായ്പ തുക എത്രയെന്നും, എത്ര തുക തിരിച്ചടച്ചുവെന്നും, ഇനി എത്ര കടിശികയുണ്ടെന്നും പട്ടിക തിരിച്ച വിവരം ലഭ്യമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ, കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്നുമാണ് കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് കമ്പനി വായ്പകൾ സ്വീകരിച്ചിട്ടുള്ളത്. ഓരോ സ്ഥാപനത്തിലേയും വായ്പ തുക എത്രയെന്നും, എത്ര തുക നാളിതുവരെ തിരിച്ചടച്ചുവെന്നും, ഇനി എത്ര കടിശ്ശികയുണ്ടെന്നതും സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു: |

| വായ്പ നൽകിയ സ്ഥാപനം | വായ്പ തുക (കോടിയിൽ) | വായ്പ തിരിച്ചടവ് (കോടിയിൽ) | കടിശ്ശിക (കോടിയിൽ) |
|---|---|---|---|
| കെ.എസ്.എഫ്.ഇ | 19,890.69 | 16750 | 3140.69 |
| കെ.എസ്.ബി.സി | 5750 | 4750 | 1000 |
| പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം | 13,362.33 | 7,505.81 | 5,856.52 |
| കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2,000 | 0 | 2,000 |
| കെ.എഫ്.സി. | 3,650 | 2,650 | 1,000 |

| | | | |
|---|---|---|---|
| (ബി) | നാളിതുവരെ പ്രസ്തുത കമ്പനിയ്ക്ക് സർക്കാർ എത്ര തുക നൽകിയെന്നും ഇനി എത്ര നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി രൂപീകരിച്ച പ്രത്യേക കമ്പനിക്ക് നാളിതുവരെ 58,341.85 കോടി രൂപ സർക്കാരിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. കമ്പനിയുടെ യഥാർത്ഥ ചെലവുകളുടെ അടിസ്ഥാനത്തിൽ കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക് കമ്പനിക്കായി വകയിരുത്തിയ ബജറ്റ് പ്രൊവിഷനിൽ നിന്നും തുക അനുവദിക്കുകയാണ് ചെയ്യുന്നത്. 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതമായ 13340 കോടി രൂപയിൽ നിന്ന് 6,000 കോടി രൂപ കമ്പനിക്ക് സർക്കാരിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ